**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1226** **12-02-2025 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ-മരക്കുളം റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ അധീനതയിലുള്ള ചാത്തന്നൂർ-മരക്കുളം റോഡ് ഗതാഗത യോഗ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 12.08.2024-ൽ എം എൽ എ നൽകിയ നിവേദനത്തിന്മേൽ (ഇ നമ്പർ 8702104) സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ; | (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ അധീനതയിലുള്ള ശീമാട്ടി-മരക്കുളം റോഡ് ചെയിനേജ് 0/000 മുതൽ 4/600 വരെ ബി.സി ഓവർലേ ചെയ്ത് നവീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചു വരുന്നു. ബഹു. എം.എൽ.എ യുടെ നിർദ്ദേശപ്രകാരം ഇടനാട് ജംഗ്ഷൻ മുതൽ മേലേവിള ജംഗ്ഷൻ വരെയുള്ള ഒരു അപ്രോച്ച് റോഡും (2.10 കിലോമീറ്റർ നീളമുള്ള ചിപ്പിംഗ് കാർപ്പറ്റ് റോഡ്) വീതി കൂട്ടി ബി.സി നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള എസ്റ്റിമേറ്റും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡ് അടിയന്തരമായി ഗതാഗത യോഗ്യമാക്കുന്നതിന് പൊതുമരാമത്ത് നിരത്ത് വിഭാഗം തയ്യാറാക്കിയ പരിശാധനകൾ പൂർത്തിയാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പരിഗണിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത പ്രവൃത്തിക്ക് നിലവിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പ്രവൃത്തിക്ക് ഭരണാനുമതി നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ